**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6245** **10-07-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി മണ്ഡലത്തിലെ വന്യമൃഗശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ മഞ്ചേരി മണ്ഡലത്തിലെ ഇടപ്പറ്റ ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ വന്യമൃഗങ്ങളായ ആന, കടുവ എന്നിവ സ്വകാര്യഭൂമികളിലേക്കിറങ്ങി മനുഷ്യനും വളർത്തുമൃഗങ്ങൾക്കും ഉണ്ടാക്കുന്ന അപകടങ്ങളിൽനിന്നും അവരെ സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ മഞ്ചേരി മണ്ഡലത്തിലെ ഇടപ്പറ്റ ഗ്രാമ പഞ്ചായത്തിൽ നിലനമ്പൂർ സൗത്ത് വനം ഡിവിഷനിൽ ഉൾപ്പെടെ 54.79 ഹെക്ടർ നിക്ഷിപ്ത വനഭൂമി മാത്രമേയുള്ളൂ. ആയത് സ്വകാര്യഭൂമികളാൽ ചുറ്റപ്പെട്ട കിടക്കുന്നതാണ്. സൈലന്റ് വാലി നാഷണൽ പാർക്ക് ഡിവിഷനിൽ നിന്ന് ഇടയ്ക്ക് വന്യമൃഗങ്ങൾ ഈ വനഭൂമിയിലേക്ക് സ്വകാര്യ സ്ഥലങ്ങളിലൂടെ സഞ്ചരിച്ച് എത്താറുണ്ട്. വന്യമൃഗങ്ങൾ ഇത്തരത്തിൽ സ്വകാര്യ സ്ഥലങ്ങളിൽ ഇറങ്ങുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾ തന്നെ ആർ.ആർ.ടി.യെ ഉപയോഗിച്ച് അവയെ കാട്ടിലേക്ക് തിരികെ അയയ്ക്കാറുണ്ട്. ഈ മേഖലയിൽ വന്യമൃഗ സാന്നിദ്ധ്യം നിരീക്ഷിക്കുന്നതിനും സംഘർഷം തടയുന്നതിനുമായി രണ്ട് വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്.<br><br>വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേക്കിറങ്ങാൻ സാധ്യതയുള്ള വനാതിർത്തികളിൽ അനിയോജ്യമായ പ്രതിരോധ നിർമ്മിതികൾ പണിത് അവയെ തടസ്സപ്പെടുത്തുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം കൂടുതലുള്ള മേഖലകളിൽ വാച്ചർമാരെ നിയോഗിക്കുകയും, നിരീക്ഷണം ശക്തമാക്കുകയും കാടിറങ്ങുന്ന വന്യമൃഗങ്ങളെ ഫലപ്രദവും ശാസ്ത്രീയവുമായ രീതിയിൽ തിരികെവനത്തിലേക്ക് സുരക്ഷിതമായി മടക്കി അയയ്ക്കുകയും ചെയ്തുവരുന്നുണ്ട്. ജനവാസമേഖലകളിലിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ ഇല്ലായ്മ ചെയ്യുന്നതിന് നിലവിൽ ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും ഡെലിഗേറ്റ് ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് (സാധാ) 239/2022/വനം തീയതി 31-05-2022 നമ്പർ ഉത്തരവ് |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ കാലാവധി 28-05-2024മുതൽ ഒരു വർഷത്തേക്കും കൂടി ദീർഘിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് (കൈ) 09/2024/വനം തീയതി 25-02-2024. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 21-05-2024 ലെ (KFDHQ/3331/2021-CWW/W11 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച ഉത്തരവായിട്ടുണ്ട്. |
| (ബി) | വന്യമൃഗങ്ങളായ ആന, കടുവ എന്നിവ മനുഷ്യജീവന് ആപത്തുണ്ടാക്കുന്നതും കാട്ടുപന്നി, ആന എന്നിവ വ്യാപകമായി കൃഷിയിടങ്ങൾക്ക് നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) | എങ്കിൽ കൃഷിക്കാർക്കുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച അടിയന്തര നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | വന്യജീവി ആക്രമണം മൂലം കൃഷിക്കാർക്കുണ്ടായ വിവിധ തരം നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകി വരുന്നത് 1980-ലെ The Kerala Rules for Payment of Compensation to Victims of Attack by Wild Animals - ലെ വ്യവസ്ഥകൾ പ്രകാരമാണ്. 2022-23-ൽ വന്യമൃഗങ്ങൾമൂലം നാശനഷ്ടങ്ങൾ ഉണ്ടായതുമായി ബന്ധപ്പെട്ട് ഇടപ്പറ്റ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിന്ന് ലഭിച്ച 6 അപേക്ഷകൾക്ക് ആകെ 1,44,587 /- രൂപ ധനസഹായം വിതരണംചെയ്തിട്ടുണ്ട്. 2023-24-ൽ ലഭിച്ച രണ്ട് അപേക്ഷകളിൽ ഒന്നിന് 27,090/- രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. രണ്ടാമത്തെ അപേക്ഷകൻ 25,000/- രൂപ അനുബന്ധ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതിന് സാധിക്കും. |

സെക്ഷൻ ഓഫീസർ